പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2363 07.02.2019 ലെ മറുപടിക്ക്

## കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത വ്യവസായമായ കയർ മേഖല ഗുരുതരമായ പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | എ) ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചു വരുന്നുണ്ട്. ചകിരി ക്ഷാമം പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ചകിരിയുടെ വിലയിലുണ്ടായ വൻ വർദ്ധന കയർമേഖലയെ എപ്രകാരമാണ് ബാധിച്ചത്; | ബി) ചകിരി വിലയിലുണ്ടായ വർദ്ധനവ് കയർ മേഖലയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായി വരുന്ന ചകിരിയുടെ സിംഹഭാഗവും തമിഴ്നാട് ഉൾപ്പെടെയുള്ള ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത്. അതുകൊണ്ട് തന്നെ ചകിരിയുടെ വില നിശ്ചയിക്കുന്നതിൽ കേരളത്തിന് കാര്യമായ പങ്കില്ല. ചകിരി വില കൂടുന്നതിന് ആനുപാതികമായി കയർ വില വർദ്ധിക്കാത്തതിനാൽ സംഘങ്ങളുടേയും സ്വകാര്യ യൂണിറ്റുകളുടേയും പ്രവർത്തനമൂലധനത്തിന് ശോഷണം ഉണ്ടാകുന്നു. ഇത് തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും നേരിട്ട് ബാധിക്കുന്നു.<br>ഈ പ്രതിസന്ധി ഒരു പരിധിവരെ മറികടക്കുന്നതിനായി കയർഫെഡ് വഴി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ സൊസൈറ്റികൾക്ക് നൽകുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിച്ചു. 2017-18 സാമ്പത്തിക വർഷം നവംബർ മുതൽ മാർച്ച് വരെ 21291.40 ക്വിൻറൽ ചകിരി ഇപ്രകാരം സംഘങ്ങൾക്ക് നൽകുകയുണ്ടായി. തുടർന്ന് 2018-19 ഏപ്രിൽ - ഡിസംബർ വരെ (ടെൻഡേറ്റീവ്) 42682.94 ക്വിൻറൽ ചകിരി വിതരണം ചെയ്തിട്ടുണ്ട്. കയർ ഉല്പാദനം ഉയർന്ന അളവിൽ നടക്കുന്ന ഈ സാമ്പത്തിക വർഷത്തെ അവസാന പാദത്തിലെ മൂന്ന് മാസങ്ങളിൽ ഉല്പാദനം കുറയാതിരിക്കാനായി പരമാവധി ചകിരി കയർഫെഡ് വഴി അനുവദിച്ച് വിതരണം ചെയ്തുവരുന്നു.<br><br>കേരളത്തിൽ കയർ മേഖലയിൽ ചകിരി വില പിടിച്ചു നിർത്തണമെങ്കിൽ ചകിരി ഉല്പാദനത്തിൽ കേരളം സ്വയം പര്യാപ്തത കൈവരിക്കണം. ഈ ലക്ഷ്യം മുൻനിർത്തി 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 തൊണ്ട് തല്ലാവുന്ന 50 യന്ത്രവത്കൃത ചകിരി മില്ലുകൾ |

| | |
|---|---|
| | സ്ഥാപിച്ചുകഴിഞ്ഞു. ഡി.എഫ്. മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% എന്നതരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കിയ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകി വരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. |

സി) ഇത് ഈ മേഖലയിലെ തൊഴിലില്ലായ്മ രൂക്ഷമാക്കിയിട്ടും സംസ്ഥാന സർക്കാർ നിസംഗത പുലർത്തുന്ന സാഹചര്യമുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

സി) സർക്കാർ ഈ കാര്യത്തിൽ നിസംഗത പാലിച്ചിട്ടില്ല.

<u>കയർഫെഡ് സംഭരിച്ച കയറിന്റെ കണക്ക്</u>

| | 2016-17 (ഏപ്രിൽ-മാർച്ച്) | 2017-18 (ഏപ്രിൽ-മാർച്ച്) | മുൻ വർഷത്തെ അപേക്ഷിച്ചിട്ടുള്ള വളർച്ച (%) |
|---|---|---|---|
| ക്വിന്റൽ /കി.ഗ്രാം | 99793.85 | 124961.13 | 25.22 |
| വില (രൂപ) | 50,09,34,036 | 66,16,96,976 | 32.09 |

കയർ ഉല്പാദനത്തിൽ പിന്നിട്ട രണ്ട് സാമ്പത്തിക വർഷവും മുൻ വർഷത്തേക്കാൾ വർദ്ധിച്ച തോതിലുള്ള വർദ്ധനവിന്റെ ശതമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

| | 2017-18 (ഏപ്രിൽ-ഡിസംബർ) | 2018-19 (ഏപ്രിൽ-ഡിസംബർ) | മുൻ വർഷത്തെ അപേക്ഷിച്ചിട്ടുള്ള വളർച്ച (%) |
|---|---|---|---|
| ക്വിന്റൽ /കി.ഗ്രാം | 80460.48 | 101099.05 | 25.65 |
| വില (രൂപ) | 42,63,60,820 | 53,61,91,413 | 25.76 |

2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മുൻ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ വൈക്കം, വടക്കൻ പറവൂർ എന്നീ പ്രോജക്ടുകളിൽ പ്രളയം മൂലം തൊഴിൽ നഷ്ടം ഉണ്ടായിട്ടും ഡിസംബർവരെയുള്ള ഉല്പാദനത്തിൽ മുൻ വർഷത്തേക്കാൾ 25% അധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞതായി ഇതിൽ നിന്നും മനസിലാക്കാം. 2018-19 വർഷത്തിൽ 14.77 കോടി രൂപ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലാളികളുടെ കൂലിയിലെ സർക്കാർ വിഹിതമായി നൽകിയിട്ടുണ്ട്. ഇത് കയർ മേഖലയിൽ സർക്കാർ സ്വീകരിക്കുന്ന ഇടപെടലുകളുടെ ഗുണപരമായ പ്രതിഫലനമാണ്.

ഡി) കയർപിരി തൊഴിലാളികൾക്കുള്ള കൂലിയുറപ്പ് പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്;

ഡി) കയർ പിരി തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം നിർത്തിവെച്ചിട്ടില്ല. പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾ അനുസരിച്ച് ന്യായമായ വരുമാനം ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന സർക്കാർ തൊഴിൽവകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. കയർ

| | |
|---|---|
| | തൊഴിലാളികളുടെ പ്രതിദിന കൂലിയായ 300/- രൂപയുടെ ഒരു ഭാഗം പരമാവധി 110/- രൂപ സർക്കാർ വിഹിതമായി നൽകി വരുന്നു. പരമ്പരാഗത കയർ തൊഴിലാളികൾക്ക് മാത്രമായി മിനിമം കൂലി ഉറപ്പാക്കുന്നതിനായി ജി.ഒ(ആർ.റ്റി)നം.690/18/ഐ.ഡി തീയതി 16/6/18 പ്രകാരം Defibering, Automatic Spinning എന്നീ ഉയർന്ന വേതനം ലഭിക്കുന്ന മേഖലകളെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.പരമ്പരാഗത കയർ പിരി മേഖലയിലെയും, ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനമം കൂലി 1/1/19 മുതൽ പ്രതിദിനം 350/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2018-19 വർഷത്തിൽ ഐ.എസ്.എസ് പ്രകാരം, 23.17 കോടി രൂപ അനുവദിച്ചതിൽ, നാളിതുവരെ 14.57 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| ഇ) കയർ തൊഴിലാളികളുടെ കുറഞ്ഞ കൂലി 600 രൂപയായി നിശ്ചയിക്കുന്നതിനും കയർ ഉൽപന്നങ്ങൾക്ക് ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി വില നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഇ) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം, നൽകിവന്നിരുന്ന കുറഞ്ഞ കൂലിയായ 210/- രൂപ, 31/1/14 മുതൽ 300/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. ജി.ഒ(ആർ.റ്റി) നം.1401/18/വ്യവ തീയതി 29/12/18 പ്രകാരം, പരമ്പരാഗത കയർ പിരി മേഖലയിലെയും, ഇ-റാട്ട് ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 1/1/19 മുതൽ പ്രതിദിനം 350/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികൾക്ക് നൽകിവരുന്ന ഐ.എസ്.എസ് വിഹിതം പ്രതിവർഷം വർദ്ധിച്ചിട്ടുണ്ട്.<br>2016-17 - 1244 ലക്ഷം<br>2017-18 - 1507 ലക്ഷം<br>2018-19(ജനുവരി 31 വരെ)- 1457 ലക്ഷം<br>ഈ കണക്കുകൾ കാണിക്കുന്നത് തൊഴിലും കൂലിയും വർദ്ധിപ്പിച്ചിട്ടുണ്ട് എന്നു തന്നെയാണ് |

സെക്ഷൻ ഓഫീസർ